# പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2150** **08.03.2018 -ൽ മറുപടിയ്ക്ക്**

ഹൗസ് ബോട്ടുകളിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളെ സംബന്ധിച്ച് സർക്കാരിന്റെ പക്കൽ കണക്കുകളുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളാ ഇൻലാന്റ് വെസ്സൽ റൂൾ അനുസരിച്ച് കേരളത്തിൽ 6 പോർട്ട്ഓഫ് രജിസ്ട്രിയിലാണ് ഹൗസ് ബോട്ടുകൾ രജിസ്റ്റർ ചെയ്യേണ്ടത്. 2018 ഫെബ്രുവരി വരെ കേരളത്തിലെ പോർട്ട് ഓഫ് രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്ത ബോട്ടുകളുടെ എണ്ണം - വിഴിഞ്ഞം -2 , കൊല്ലം-33, ആലപ്പുഴ-757, കൊടുങ്ങല്ലൂർ -7, ബേപ്പൂർ -3, അഴീക്കൽ-7 എന്നിങ്ങനെയാണ് |
| (ബി) | എല്ലാ ഹൗസ് ബോട്ടുകൾക്കും രജിസ്ട്രേഷനുണ്ടോ; രജിസ്ട്രേഷൻ നൽകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്;വിശദമാക്കുമോ; | (ബി) | ഇല്ല. രജിസ്ട്രേഷൻ നൽകുന്നതിന് കേരളാ ഇൻലാന്റ് വെസ്സൽ റൂൾ 2010 പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും നിബന്ധനകളും പാലിക്കേണ്ടതുണ്ട്. |
| (സി) | ഇത്തരം മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് പരിശോധനകൾ നടത്താറുണ്ടോ; വ്യക്തമാക്കുമോ; | (സി) | പരിശോധനകൾ നടത്താറുണ്ട്. ഒരു മാസത്തിൽ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ തുറമുഖവകുപ്പിലെ ബന്ധപ്പെട്ട ചീഫ് സർവ്വേയറുടെ നേതൃത്വത്തിൽ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്താറുണ്ട്. |
| (ഡി) | ഹൗസ് ബോട്ടുകളുടെ ബാഹുല്യം നിമിത്തം കായലുകളിൽ മാലിന്യം വർദ്ധിക്കുന്നതും അതുമൂലം മത്സ്യ സമ്പത്ത് കുറയുന്നതും പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ഡി) | ഹൗസ് ബോട്ടുകളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തുറമുഖവകുപ്പ് 2013 ഡിസംബറിന് ശേഷം പുതുതായി വേമ്പനാട് കായലിൽ ജലയാനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നത് നിർത്തിവച്ചിട്ടുള്ളതാണ് |
| (ഇ) | മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ (ശുചിമുറി മാലിന്യം അടക്കം) സംസ്കരിക്കുന്നതിന് സംവിധാനമില്ലാത്ത ഹൗസ് ബോട്ടുകളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ഇ) | മലിനീകരണ നിയന്ത്രണബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ബോട്ടുകളുടെ വാർഷിക സർവ്വേ സർട്ടിഫിക്കറ്റ് നൽകി വരുന്നത്. ഇത് പാലിക്കാതെ പ്രവർത്തിക്കുന്നവർക്ക് കൂടിയ നിരക്കിലുള്ള പിഴ ഈടാക്കി വരുന്നുണ്ട്. |
| (എഫ്) | ഇവ ഇല്ലാത്തതിന്റെ പേരിൽ എത്ര ഹൗസ് ബോട്ടുകൾക്കെതിരെ നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ലാത്തതിന് നാളിതുവരെ 91 ഹൗസ് ബോട്ടുകൾക്ക് പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ